## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3804      15.03.2017-ൽ മറുപടിയ്ക്ക് ഉണ്ടായിരുന്നത്**

**<u>സംസ്ഥാനത്തെ ധനകാര്യ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ നടപടി</u>**

| | **ചോദ്യം**<br>**ശ്രീ.തോമസ് ചാണ്ടി** | | **മറുപടി**<br>**ഡോ. ടി.എം.തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
|---|---|---|---|
| (എ) | കെ .എസ്.എഫ്. ഇ , കെ.എഫ്. സി, കെ. ടി. ഡി. എഫ്. സി തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) & (ബി) | കെ.എസ്.എഫ്.ഇ കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കി വരുന്നു. പ്രവാസികൾക്കായി പുതിയ ചിട്ടി പദ്ധതി 2017 ജൂൺ മാസത്തോടെ ആരംഭിക്കുന്നതാണ്.<br><br>കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സ്റ്റാർട്ടപ് സംരംഭങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള സാധ്യത പരിശോധിക്കും.<br><br>കെ.റ്റി.ഡി.എഫ്.സി. പ്രധാനമായും കെ.എസ്.ആർ.ടി.സി.യ്ക്ക് വായ്പ നൽകുന്നതിനു പ്രാമുഖ്യം കൊടുക്കുന്നതിനാൽ മറ്റു വായ്പാപദ്ധതികൾ നടപ്പിലാക്കുന്നതിന് ഇപ്പോൾ ഊന്നൽ നൽകുന്നില്ല. എന്നിരുന്നാലും മോട്ടോർ വാഹന വായ്പ, ഭവന നിർമ്മാണ വായ്പ, വ്യക്തിഗത വായ്പ എന്നിവ നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. കൂടാതെ ഇ-ഓട്ടോ, ഇ-കാർട്ട് എന്നീ വാഹനങ്ങൾക്ക് വായ്പ നൽകാനുള്ള ഒരു പദ്ധതിയും ആവിഷ്കരിച്ചു വരുന്നു. |
| (ബി) | ഇത്തരം ധനകാര്യ സ്ഥാപനങ്ങൾ വഴി കൂടുതൽ വായ്പകൾ നൽകുന്നതിനു നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ.**